പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3298 19.06.2018-ലെ മറുപടിക്ക്

## പാപ്പനംകോട് ഡിപ്പോയിലെ ബസ് സർവ്വീസുകൾ

| ചോദ്യം<br>ശ്രീ.ഒ. രാജഗോപാൽ | ഉത്തരം<br>ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|
| നേമം നിയോജക മണ്ഡലത്തിലെ പാപ്പനംകോട് ഡിപ്പോയിൽ നിന്നും വിവിധ ഭാഗങ്ങളിലേക്കുള്ള കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ നിർത്തിവച്ചിരിക്കുന്നു എന്ന് പൊതുജനങ്ങളിൽ നിന്നും പരാതി കിട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | കെ.എസ്.ആർ.ടി.സി നേമം നിയോജക മണ്ഡലത്തിലെ പാപ്പനംകോട് ഡിപ്പോയിൽ നിന്നും സ്ഥിരമായി ഷെഡ്യൂളുകൾ ഒന്നും തന്നെ റദ്ദ് ചെയ്തിട്ടില്ല. എന്നാൽ വരുമാന ലഭ്യതയ്ക്കായി ചില സർവ്വീസുകളുടെ റൂട്ടോ സമയമോ പുന:ക്രമീകരിക്കേണ്ടി വന്നിട്ടുണ്ട്. കൂടാതെ ചില പ്രായോഗിക കാരണങ്ങളാൽ ചില 'സർവ്വീസുകൾ ചില ദിവസങ്ങളിൽ റദ്ദ് ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ പരാതി ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി.യ്ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ സർവ്വീസുകൾ പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ